(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2001-02 മുതൽ 2005-06 വരെയുള്ള ഓരോ വർഷവും നൽകിയ തുക ചുവടെ ചേർക്കുന്നു :

2001-02	-	637.50 കോടി രൂപ
2002-03	-	1006.50 കോടി രൂപ
2003-04	-	1454.45 കോടി രൂപ
2004-05	-	951.60 കോടി രൂപ
2005-06	-	964.65 കോടി രൂപ

(ജനുവരി വരെ)

(ഇ) ബഡ്ജറ്റിൽ ഓരോ വർഷവും നീക്കിവച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2001-02	-	850.00 കോടി രൂപ
2002-03	-	1342.00 കോടി രൂപ
2003-04	-	1317.00 കോടി രൂപ
2004-05	-	1350.00 കോടി രൂപ
2005-06	-	1375.00 കോടി രൂപ

സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ശുദ്ധജല വിതരണം

83 [1022] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എ.ഡി.ബി.-യുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ആരാണ് ; ഇതിൽ നഗരസഭകൾക്കുള്ള പങ്ക് എന്താണ് ;

(ബി) സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുമ്പോൾ നഗരസഭകളിൽ വെള്ളക്കരം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ 5 വർഷംകൊണ്ട് എത്ര ശതമാനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വർദ്ധനവ് വരുത്തുന്നതിന്റെ രീതി എന്താണ് ;

(സി) നഗരസഭകൾ നിലവിലുള്ള വെള്ളക്കര നിരക്ക് വർദ്ധിപ്പിക്കാതിരിക്കുവാൻ അധികാരം ഉണ്ടാകുമോ ;

(ഡി) പദ്ധതി നടപ്പിൽ വരുന്ന പ്രദേശത്ത് പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനോ നിയന്ത്രണം ഏർപ്പെടുത്തുന്നതിനോ ഉദ്ദേശമുണ്ടോ ;

(ഇ) പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്ത് ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ പൊതു ടാപ്പുകൾ സ്ഥാപിച്ച് സൗജന്യമായി കുടിവെള്ളം നൽകുവാൻ കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ-2) ഈ പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളിൽ/കോർപ്പറേഷനുകളിൽ വിപുലീകൃത ജലവിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി സേവന നികുതി ഏർപ്പെടുത്തുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ :

(എഫ്) എ.ഡി.ബി. വായ്പയുടെ തിരിച്ചടവിന്റെയും പലിശ നിരക്കിന്റെയും വിശദാംശം വ്യക്തമാക്കുമോ ;

(ജി) സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുവാനുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ദർഘാസ്, സാധന സാമഗ്രികളുടെ സംഭരണം എന്നിവ എ.ഡി.ബി-യുടെ ഗൈഡ് ലൈൻ അനുസരിച്ചാണോ നടപ്പിൽ വരുത്തുന്നത് ;

(എച്ച്) ശുദ്ധജല വിതരണം വാണിജ്യാടിസ്ഥാനത്തിലാക്കുവാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ ;

(ഐ) സുസ്ഥിര നഗര വികസന പദ്ധതി എന്നുമുതലാണ് നിലവിൽ വന്നിട്ടുള്ളത് ;

(ജെ) ഈ പദ്ധതിയുടെ നടത്തിപ്പിൽ കേരള വാട്ടർ അതോറിറ്റിയുടെ പങ്ക് എന്താണ് ;

(കെ) ഈ പദ്ധതി നടത്തിപ്പിന്റെ സാങ്കേതിക സഹായത്തിന് ഏത് കൺസൾട്ടൻസിയെ ആണ് നിയമിച്ചിരിക്കുന്നത് ;

(എൽ) കൺസൾട്ടൻസി ഫീസ് എത്രയാണ് ; ഈ തുക വായ്പാ തുകയിൽ ഉൾപ്പെടുത്തുമോ ;

(എം) സുസ്ഥിര നഗര വികസന പദ്ധതിയുടെ വിശദാംശങ്ങൾ ഏത് വിധത്തിലുള്ള ചർച്ചകളിലൂടെ ആണ് രൂപപ്പെട്ടത് ; ഈ വായ്പാ കരാറിന്റെ പകർപ്പും പൂർണ്ണ വിവരവും ലഭ്യമാക്കുമോ ;

(എൻ) കോർപ്പറേഷനുകളിൽ ഇപ്പോൾ സ്വിവറേജ്-സാനിട്ടേഷൻ ഫീസ് നിലവിലുണ്ടോ ; സുസ്ഥിര നഗര വികസന പദ്ധതി വന്നാൽ ഇത് ഏർപ്പെടുത്തുമോ ; എങ്കിൽ എത്ര തുകയാണ് ; മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്താമോ ;

(ഒ) സെപ്റ്റിക് ടാങ്ക് ഉള്ളവർക്ക് ഈ ഫീസ് നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര ;

(പി) സോളിഡ് വേസ്റ്റ് കളക്ഷൻ ഫീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ക്യു) എ.ഡി.ബി. വായ്പ തുക എത് രീതിയിലാണ് കോർപ്പറേഷന് നൽകുന്നത് ;

(ആർ) മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും അക്കൗണ്ടിംഗിലും ഓഡിറ്റിംഗിലും എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എ.ഡി.ബി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എ.ഡി.ബി.-യുമായി കരാറിൽ ഏർപ്പെടേണ്ടത് ഭാരത സർക്കാരും കേരള സർക്കാരുമാണ്. കരാർ ഇതുവരേയും അന്തിമമായി പ്പെട്ടിട്ടില്ല. കരാറിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് പങ്ക് ഒന്നുംതന്നെയില്ല.

(ബി) സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം സ്ഥാപിക്കപ്പെടുന്ന മൂലധന നിക്ഷേപം പരിപാലിക്കുന്നതിനാവശ്യമായ തുക കോർപ്പറേഷനുകൾ കണ്ടെത്തേണ്ടതാണ്. ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കോർപ്പറേഷനുകൾക്ക് അധികാരമുണ്ട്. സർക്കാർതലത്തിൽ വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.

(സി) സർക്കാർ നയത്തിനനുസൃതമായി അധികാരമുണ്ടായിരിക്കും.

(ഡി) പദ്ധതി പ്രദേശത്ത് പൊതുടാപ്പുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ പൊതുടാപ്പുകളിൽ മീറ്റർ ഘടിപ്പിച്ച് ജലവ്യയം നിർണ്ണയിക്കുവാനും തന്മൂലം ഉപഭോഗത്തിനനുസരിച്ച് വെള്ളക്കരം നിശ്ചയിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(ഇ) ഇത് നിശ്ചയിക്കുവാനുള്ള പരിപൂർണ്ണ അധികാരം കോർപ്പറേഷനുകൾക്കാണ്.

(ഇ-2) സേവന നികുതി ഏർപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. എന്നിരിക്കിലും അതിന് വക കണ്ടെത്തുന്നതിനുള്ള ബാധ്യത നഗരസഭകളിൽ നിക്ഷിപ്തമാണ്.

(എഫ്) വായ്പ തിരിച്ചടയ്ക്കേണ്ടത് 25 വർഷം കൊണ്ടാണ്. ഇതിൽ 5 വർഷം അധിക കാലാവധിയും (Grace period) ഉൾപ്പെടുന്നു. വായ്പയ്ക്ക് ലണ്ടൻ ഇന്റർ ബാങ്ക് ഓഫേഡ് റേറ്റ് (London Inter Bank Offered Rate-LIBOR) പ്രകാരം 4.15+0.40 ശതമാനം പലിശ കണക്കാക്കപ്പെടുന്നു.

(ജി) അതെ.

(എച്ച്) ഇല്ല.

(ഐ) നിലവിൽ വന്നിട്ടില്ല. 2006-07 സാമ്പത്തിക വർഷം പദ്ധതി നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ജെ) നിലവിലുള്ള ജലവിതരണ-മലിനജല സംസ്കരണ ശൃംഖലകളുടെ അറ്റകുറ്റപണികളും പരിപാലനവും കേരള വാട്ടർ അതോറിറ്റിയായിരിക്കും നടപ്പിലാക്കുന്നത്.

(കെ) പദ്ധതി നടത്തിപ്പിന്റെ സാങ്കേതിക സഹായത്തിന് കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല.

(എൽ) പദ്ധതി അടങ്കലിൽ അന്താരാഷ്ട്ര കൺസൾട്ടൻസി ചാർജ്ജ് ആയി രൂപ 8.73 കോടിയും ദേശീയ കൺസൾട്ടൻസി ചാർജ്ജ് ആയി രൂപ 37.46 കോടിയും ഉൾപ്പെടെ മൊത്തം രൂപ 46.19 കോടി വകയിരുത്തിയിട്ടുണ്ട്. ഇത് ആകെ അടങ്കലിന്റെ 3.25% ആണ്. ഈ തുക വായ്പാ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി ഇതുവരെയും നിലവിൽ വന്നിട്ടില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എം) എല്ലാ കോർപ്പറേഷനുകളുടെയും മേയർമാരുമായും കൗൺസിലർമാരുമായും ഉദ്യോഗസ്ഥന്മാരുമായും ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുതല ഉദ്യോഗസ്ഥന്മാരുമായും പലതവണ ചർച്ച ചെയ്താണ് വിശദാംശങ്ങൾ തയ്യാറാക്കിയത്. ഓരോ ഘട്ടത്തിലും നഗരസഭാ കൗൺസിലുകളുമായി ചർച്ച നടത്തിയിട്ടുണ്ട്. കരാർ ഔപചാരികമായി ഒപ്പുവെക്കുന്ന മുറയ്ക്ക് ലഭ്യമാക്കാം.

(എൻ) സിവറേജ്-സാനിട്ടേഷൻ ഫീസ് നിലവിലില്ല. എന്നാൽ ഭൂഗർഭ ഡ്രെയിനേജ് നിലവിലുള്ള നഗരസഭാ പ്രദേശങ്ങളിൽ ഡ്രെയിനേജ് ടാക്സ് ഈടാക്കി വരുന്നുണ്ട്. സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം സ്ഥാപിക്കപ്പെടുന്ന മൂലധന നിക്ഷേപം പരിപാലിക്കുന്നതിനാവശ്യമായ തുക കോർപ്പറേഷനുകൾ കണ്ടെത്തേണ്ടതാണ്. ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കോർപ്പറേഷനുകൾക്ക് അധികാരമുണ്ട്.

(ഒ) ബാധകമല്ല.

(പി) സർക്കാർതലത്തിൽ നിർദ്ദേശമൊന്നും നിലവിലില്ല

(ക്യൂ) ആകെ പ്രോജക്ടിന്റെ ഏകദേശം 30% ആയിരിക്കും സംസ്ഥാനവിഹിതം (പ്രതിരൂപനിധി) എന്ന് പ്രതീക്ഷിക്കുന്നു. ആയതിന്റെ 50% നഗരസഭകൾ തനതു നിധിയിൽ നിന്നോ, അനുവദിക്കപ്പെടുന്ന സാധാരണ പദ്ധതി വിഹിതത്തിൽ നിന്നോ അല്ലെങ്കിൽ രണ്ടിൽനിന്നുംകൂടിയോ കണ്ടെത്തേണ്ടതാണ്. ശേഷിക്കുന്ന 50% തുക സർക്കാർ കണ്ടെത്തുന്നതായിരിക്കും. എ.ഡി.ബി.-യിൽ നിന്നും ഭാരത സർക്കാരിന് ലഭ്യമാക്കുന്ന വായ്പാസഹായം കേരള സർക്കാരിന് നൽകുന്നത് ഏതു വിധമാണോ അതേ വ്യവസ്ഥകൾക്ക് വിധേയമായി ടി തുക 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് കൈമാറുന്നതാണ്. ടി തുക പലിശസഹിതം ഭാരത സർക്കാരിന്/എ.ഡി.ബി.-ക്ക് തിരികെ ഒടുക്കേണ്ട ബാധ്യത കേരള സർക്കാരിനായിരിക്കും. തിരികെ ഒടുക്കുന്നതിന് ആവശ്യമായ തുക പ്രതിവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി വിഹിതമായി കേരള സർക്കാർ സാധാരണ പദ്ധതി വിഹിതത്തോടൊപ്പം അനുവദിക്കുന്നതാണ്. വായ്പ നിലനിൽക്കുന്ന കാലയളവുവരെ ഈ പ്രക്രിയ തുടരുന്നതാണ്. അധിക പദ്ധതി വിഹിതം അർഹതപ്പെട്ട സാധാരണ വിഹിത ത്തോടൊപ്പം അതാതു കാലയളവിലെ നിബന്ധനകൾക്കനുസൃതമായി ആസൂത്രണ ബോർഡ്/തദ്ദേശ സ്വയംഭരണ വകുപ്പ് 5 കോർപ്പറേഷനുകൾക്കും അനുവദിക്കുന്നതാണ്.

(ആർ) ദ്വിവിധ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം (Double entry system) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ സാങ്കേതിക സഹായ യൂണിറ്റ് പ്രവർത്തനം തുടങ്ങുമ്പോൾ ലഭ്യമാകുന്നതാണ്.

വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിയുടെ പ്രവർത്തനം

84 [1023] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly